(Pages : 5) **S 1901**

Sl. No.

# SSLC EXAMINATION, MARCH - 2024
## MALAYALAM
First Language - Paper I

Time : 1½ Hours Total Score : **40**

**നിർദ്ദേശങ്ങൾ :**

- ആദ്യത്തെ **15** മിനിട്ട് സമാശ്വാസ സമയമാണ്.
- ഈ സമയം ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കാവുന്നതാണ്.
- നിർദ്ദേശങ്ങളും ചോദ്യങ്ങളും അനുസരിച്ച് മാത്രം ഉത്തരം എഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം, എന്നിവ പരിഗണിക്കണം.

**Score**

**1 മുതൽ 5 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക. (ഓരോന്നിനും ഒരു സ്കോർ വീതം)** **4x1=4**

1. "കാട്ടുചോലകൾ പാടിയ പാട്ടുക-
ളേറ്റുപാടിപ്പഠിപ്പിച്ച മുത്തശ്ശിമാർ"

(അശ്വമേധം)

കാട്ടുചോലകൾ എന്ന പദത്തിന്റെ ശരിയായ വിഗ്രഹരൂപം എഴുതുക.

- കാടും ചോലയും
- കാട്ടിലെ ചോലകൾ
- കാടാകുന്ന ചോലകൾ
- കാട് എന്ന ചോലകൾ

2. 'എരിയുന്ന നെഞ്ചും പൊരിയുന്ന വയറുമായി നരകിക്കുന്ന ദരിദ്രമാതാവ്...'

(ഞാൻ കഥാകാരനായ കഥ)

ഈ വാക്യം നൽകുന്ന അർത്ഥസൂചന എന്താണ് ?

- അമ്മ അനുഭവിക്കുന്ന മാനസികസംഘർഷവും ദാരിദ്ര്യവും
- അമ്മ അസുഖക്കാരിയായി മാറിയ അവസ്ഥ
- മകനും അമ്മയും തമ്മിലുള്ള സ്നേഹത്തിന്റെ ആഴം
- ഉദ്യോഗസ്ഥനായ മകൻ അമ്മയെ സംരക്ഷിക്കുന്നതിന്റെ സംതൃപ്തി.

P.T.O.

https://www.keralaboard.com

Score

8

3. "കഷ്ടകാലമഖിലം കഴിഞ്ഞു ഹാ !"

(പ്രിയദർശനം)

'ഹാ !' എന്ന ശബ്ദത്തിൽ തെളിയുന്ന ഭാവം എന്താണ് ?

- ദിവാകരനെ കണ്ടപ്പോൾ തോന്നിയ നിരാശ
- ദിവാകരനെ കണ്ടപ്പോൾ തോന്നിയ ആശ്വാസം
- ദിവാകരനെ കണ്ടപ്പോൾ തോന്നിയ ദുഃഖം
- ദിവാകരനെ കണ്ടപ്പോൾ തോന്നിയ കോപം

4. ചുവടെ തന്നിരിക്കുന്ന വരികളിൽ പുഷ്കരന്റെ നൈരാശ്യം പ്രകടമാവാത്തതേത് ?

- ദൂരത്തുന്നാരും വരികയില്ല നമ്മെക്കാണ്മാൻ
- അരികിൽ വന്നു നിന്നതാരെ, ന്തഭിമതം ?
- ബാഹുജനെന്നുള്ളതേ നമുക്കൊന്നുള്ളു മുറ്റും...
- നമുക്കില്ലാ നാടും നഗരവും കുടയും ചാമരവും

5. "ഒരു വെൺലില്ലിപ്പൂവിൽ
ശോണരേഖകൾ പോലെ"

(മൈക്കലാഞ്ജലോ, മാപ്പ്)

'ശോണരേഖകൾ പോലെ' എന്ന പ്രയോഗം കൊണ്ട് അർത്ഥമാക്കുന്നതെന്ത് ?

- യേശുവിന്റെ ഉയർത്തെഴുന്നേൽപ്പ്
- യേശുവും അമ്മയുമായുള്ള സ്നേഹബന്ധം
- മകനെ നഷ്ടപ്പെട്ട അമ്മയുടെ വേദന
- യേശുവിന്റെ പീഡാനുഭവം

**(6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.)** 2x2=4

6. "ഇത് ആത്മാവിന്റെ ഒരു വെളിപാടാണ്. അതിനുവേണ്ടി ധ്യാനിച്ചിരിക്കുമ്പോൾ ഒരു നിബന്ധനയും എഴുത്തുകാരനെ ബാധിക്കുന്നില്ല."

(ആത്മാവിന്റെ വെളിപാടുകൾ)

'എഴുത്ത് ആത്മാവിന്റെ വെളിപാടാണ് ' എന്നു പറയുന്നത് എന്തുകൊണ്ടാണ് ?

7. 'വൃദ്ധയും വല്ലാതെ പരുങ്ങിപ്പോയി. സ്ഥലകാലങ്ങളോട് പൊരുത്തപ്പെടാത്ത ഈ അതിഥി ആരാണ് ?'

(വിശ്വരൂപം)

അടിവരയിട്ട ഭാഗം നൽകുന്ന അർത്ഥസൂചനകൾ എന്തെല്ലാം ?

https://www.keralaboard.com

Score

8. "തെറികാട്ടിയാശ്രമ വിരുദ്ധവൃത്തി നീ

ചെറുപാമ്പു ചന്ദനമരത്തിനെന്നപോൽ"

(ഋതുയോഗം)

ചെറുപാമ്പ്, ചന്ദനമരം എന്നീ പ്രയോഗങ്ങൾ കൊണ്ട് അർത്ഥമാക്കുന്നതെന്ത് ?

**9 മുതൽ 14 വരെ ചോദ്യങ്ങളിൽ 5 എണ്ണത്തിന് ഉത്തരമെഴുതുക. (അരപ്പുറം വീതം) 5x4=20**

9. "എന്റെ സ്നേഹിതാ, ഇനി ഇങ്ങോട്ടു വരുമ്പോൾ നിങ്ങൾക്കു തോട്ടത്തിലൂടെ കടന്നു പോരണമെന്നില്ല; തെരുവിലേക്കുള്ള വാതിലിലൂടെത്തന്നെ എപ്പോഴും വരുകയും പോവുകയും ചെയ്യാം." (പാവങ്ങൾ)

തന്റെ വീടിന്റെ വാതിൽ ഒരിയ്ക്കലും പൂട്ടിയിടില്ലെന്ന് മെത്രാൻ പറഞ്ഞതിന്റെ പൊരുൾ എന്താണ് ? പാഠ സന്ദർഭം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

10. "മനുഷ്യ ചരിത്രത്തിൽ യുദ്ധം വരുത്തിവയ്ക്കുന്ന ഭയങ്കര ദുരന്തത്തെ എടുത്തു കാണിപ്പാൻ വേണ്ടിയാണ് ഭാരതേതിഹാസം രചിക്കപ്പെട്ടതെന്ന് തീർത്തു പറയാൻ സംശയിക്കേണ്ടതില്ല." (യുദ്ധത്തിന്റെ പരിണാമം)

കുട്ടികൃഷ്ണ മാരാരുടെ ഈ നിരീക്ഷണം ശരി വയ്ക്കുന്ന രണ്ടു സന്ദർഭങ്ങൾ പാഠ ഭാഗത്തുനിന്നും കണ്ടെത്തി എഴുതുക.

11. "ഇക്കൊല്ലം നമ്മൾ സ്പോർട്സിൽ തോറ്റുപോയി, സാരമില്ല. എന്നാൽ ഈ കുട്ടി, ലിംബാളെ കാണിച്ച സത്യസന്ധതയുണ്ടല്ലോ, അത് ഈ ക്ലാസിന്റെ മുഴുവനും വിജയമാണ്." (അക്കർമാശി)

ഈ അഭിനന്ദനം ലിംബാളെയുടെ ജീവിതത്തെ എത്രത്തോളം പ്രചോദിപ്പിച്ചിട്ടുണ്ടാവാം ? നിങ്ങളുടെ നിരീക്ഷണങ്ങൾ കുറിയ്ക്കുക.

12. "ഈ പുലർച്ചെ ആരാ വരാമ്പറഞ്ഞത് ?" പാറാവുകാരൻ പരുക്കനായി പറഞ്ഞു: "ആപ്പീസ് തൊറക്കട്ടെ."

ഏതോ ശീലത്തിന്റെ സ്വാധീനത്തിൽ പാറാവുകാരൻ കടലാസ് നിവർത്തി നോക്കി. പാറാവുകാരന്റെ മുഖം പൊടുന്നനെ കനിവുറ്റതായി. (കടൽത്തീരത്ത്)

പാറാവുകാരന്റെ ഈ മനം മാറ്റത്തിന്റെ കാരണം എന്ത് ? പാഠസന്ദർഭം വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.



https://www.keralaboard.com

Score

13. ''അവന്നു വയറു നിറയെ ഉണ്ണാൻ വേണ്ടി ഞാൻ പഷ്ണി കിടന്നതും അവന്ന് ഷ്കൂളിലേക്ക് ഒരു വരക്കോലും ഷ്കൂറ് പെട്ടിയും (Instruments Box) വാങ്ങാൻ പൈസയില്ലാതെ ഞാൻ എന്റെ അരയിലെ ഏലസ്സിനകത്തു പണ്ടുപണ്ടേ കിടന്നിരുന്ന ഒരു പൊൻപണം തൂക്കി വിറ്റതും മറ്റും അവന്ന് ഓർമ്മയുണ്ടോ എന്നൊന്നെഴുതിച്ചോദിക്കൂ.''

(ഞാൻ കഥാകാരനായ കഥ)

വലിയ ത്യാഗം സഹിച്ചു വളർത്തിയ മകൻ സ്വാർത്ഥ ലാഭത്തിനു വേണ്ടി സ്വന്തം അമ്മയെ ഉപേക്ഷിച്ചുവല്ലൊ. ഇത്തരം സംഭവങ്ങൾ ഇന്നും നമ്മുടെ സമൂഹത്തിൽ നടക്കുന്നുണ്ടോ ? പാഠഭാഗത്തെയും സമകാലിക സംഭവങ്ങളെയും പരിഗണിച്ച് പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

14. 'എല്ലാവരുടെയും നിഴലുകളെ പിന്നിലേക്ക് വീഴ്ത്തിയ റാന്തലിന്റെ കടും മഞ്ഞ വെളിച്ചത്തിൽ വൃദ്ധന്റെ കടക്കണ്ണിൽ നിന്ന് ചോര പൊടിയുന്നതു കണ്ട ആ നിമിഷം ഭർത്താവിന്റെ ഇരിപ്പിടത്തിൽ എക്കാലത്തേക്കുമായി താൻ ഉറഞ്ഞുപോകുന്നതായി ജൂലിയാന അറിഞ്ഞു.'

(ഉരുളക്കിഴങ്ങ് തിന്നുന്നവർ)

ജൂലിയാനയുടെ ഈ തിരിച്ചറിവ് കഥയ്ക്കു നൽകുന്ന അർത്ഥതലങ്ങൾ എന്തൊക്കെയാണ് ? പാഠ ഭാഗത്തെ മറ്റ് സന്ദർഭങ്ങൾ കൂടി വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**15 മുതൽ 17 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക. (ഒരു പുറം വീതം)** 2x6=12

15. 'വാതിൽക്കൽ നിൽക്കുന്ന ആ വൃദ്ധ - അവരെ താനിന്ന് യഥാർത്ഥമായി കണ്ടിരിക്കുന്നു - മാഡം തലത്തല്ല. ലേഡിയല്ല. സാമൂഹ്യ പ്രവർത്തകയല്ല. അമ്മ, വെറും അമ്മ !'
'എന്തൊരുയർച്ചയായിരുന്നു അത്, എന്തൊരഭിമാനമായിരുന്നു ! അമ്മേ ! ഭവതി ഭാഗ്യവതിയാണ്. അവസാനമെങ്കിലും സ്ത്രീയുടെ ഈ വിശ്വരൂപം ദർശിച്ചുവല്ലോ.''

(വിശ്വരൂപം)

മാഡം തലത്തിനെക്കുറിച്ചുള്ള സുധീറിന്റെ പരാമർശത്തെ നിങ്ങൾ എങ്ങനെ വിലയിരുത്തുന്നു ? പാഠഭാഗത്തെ മറ്റ് സന്ദർഭങ്ങളും വർത്തമാനകാല സ്ത്രീ അവസ്ഥകളും വിമർശനാത്മകമായി വിശകലനം ചെയ്ത് 'സ്ത്രീയും സമൂഹവും' എന്ന വിഷയത്തിൽ എഡിറ്റോറിയൽ തയ്യാറാക്കുക. https://www.keralaboard.com

16. 'മാതാപിതൃഭ്രാതൃമിത്രസഖികളെ
ക്രോധം നിമിത്തം ഹനിക്കുന്നിതു പുമാൻ.'
'ക്രോധമല്ലോ നിജ ധർമ്മക്ഷയകരം
ക്രോധം പരിത്യജിക്കേണം ബുധജനം.'

(ലക്ഷ്മണസാന്ത്വനം)

കാവ്യ സന്ദർഭം, പാഠഭാഗത്തെ മറ്റ് ആശയങ്ങൾ, സമകാലിക സംഭവങ്ങൾ എന്നിവ പരിഗണിച്ച് 'ക്രോധം പരിത്യജിക്കേണ്ടതിന്റെ ആവശ്യകത' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

https://www.keralaboard.com

Score

17. കവിതയുടെ പ്രമേയം, ഭാവം, ശബ്ദഭംഗി, സമകാലിക പ്രസക്തി എന്നിവ പരിഗണിച്ച് ആസ്വാദനം തയ്യാറാക്കുക.

**ഇനിയെനിക്കാരുമില്ലെന്നു തോന്നുമ്പോൾ**

ഇനിയെനിക്കാരുമില്ലെന്നു തോന്നുമ്പോ-
ളരനിമേഷമീ മണ്ണിനെ നോക്കുക
നിറവെളിച്ചമായ് കൈ നീട്ടി നില്പുണ്ട്
പ്രണയ കോടികൾ, ജീവസഹോദരർ
വഴിയിറമ്പിലെ പുല്ലുകൾ, പൂവുകൾ
പുഴയിലായിരം നക്ഷത്രമീനുകൾ
ഋതുലയം ചേർത്തു പാടുന്ന പക്ഷികൾ
നിബിഡകാനനം നീളെ പൂമ്പാറ്റകൾ
കടലിലുണ്ട് നാം കാണാത്തൊരായിരം
ഹൃദയസോദരർ, മണ്ണിനെക്കാത്തവർ
ഉടയദൈവത്തിനെണ്ണയും കൊണ്ടിതാ
പുഴുവൊരാൾ സ്നേഹയാത്ര തിരിക്കുന്നു
ഇനി നമുക്കാരു വേണ; മീ ഭൂമിയിൽ
നിറയെ ജീവന്റെ ബന്ധുക്കളല്ലയോ !

(ആലങ്കോട് ലീലാകൃഷ്ണൻ)

-oOo-

https://www.keralaboard.com
Whatsapp @ 9300930012
Send your old paper & get 10/-
अपने पुराने पेपर्स भेजे और 10 रुपये पायें,
Paytm or Google Pay से

https://www.keralaboard.com